പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1860 05.12.2014 - ൽ മറുപടിയ്ക്ക്

## വൃദ്ധമാതാപിതാക്കളുടെ സംരക്ഷണം - ബോധവൽക്കരണ നടപടികൾ

ചോദ്യം

ശ്രീ. ബാബു.എം. പാലിശ്ശേരി

ഉത്തരം

ഡോ. എം.കെ. മുനീർ

( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൃദ്ധമാതാപിതാക്കളെ മക്കൾ സംരക്ഷിക്കാതെ വഴിയിലോ ഗുരുവായൂർ പോലുള്ള അമ്പലനടകളിലോ ഉപേക്ഷിക്കുന്ന സംഭവങ്ങൾ ഈ അടുത്ത കാലത്ത് വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മാതാപിതാക്കളെ സംരക്ഷിക്കാൻ തയ്യാറാകാത്ത മക്കളുടെ പേരിൽ എന്തൊക്കെ നിയമ നടപടികളാണ് എടുക്കാൻ കഴിയുക; വിശദാംശം വ്യക്തമാക്കുമോ; | (ബി) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച നിയമം 2007 വകുപ്പ് 24 അനുസരിച്ച് മുതിർന്ന പൗരന്മാരെ പരിചരിച്ചിരുന്ന അല്ലെങ്കിൽ സംരക്ഷിച്ചിരുന്ന ആൾ ആരുതന്നെയായാലും, പൂർണ്ണമായും ഒഴിവാക്കണമെന്ന ആഗ്രഹത്തോടെ മുതിർന്ന പൗരനെ എവിടെയെങ്കിലും ഉപേക്ഷിച്ചാൽ അയാൾ മൂന്നുമാസത്തെ കഠിനതടവിനോ വെറും തടവിനോ അല്ലെങ്കിൽ 5000/- രൂപ വരെ പിഴയ്ക്കോ അതുമല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷാർഹനാണ്. |
| (സി) | വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കേണ്ട നിയമപരവും ധാർമ്മികവുമായ ബാദ്ധ്യത മക്കളെ ബോദ്ധ്യപ്പെടുത്തുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | സ്വീകരിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഡി) | മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കേണ്ട നിയമപരവും ധാർമ്മികവുമായ ബാദ്ധ്യത മക്കളെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. ആയതിന്റെ ഭാഗമായി നിലവിൽ 4 ജില്ലകളിൽ നർമ്മ കൈരളിയുടെ "സ്വീറ്റ് 70" എന്ന നാടകം അവതരിപ്പിക്കുകയുണ്ടായി. മറ്റു ജില്ലകളിൽ കൂടി ടി നാടകം അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>മെയിന്റനൻസ്, അപ്പലേറ്റ് ട്രൈബ്യൂണലുകളിലെ റവന്യൂ ഡിവിഷണൽ ആഫീസർമാർക്കും സബ് കളക്ടർമാർക്കും നിയമത്തെകുറിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് വഴി പരിശീലനം നൽകുകയുണ്ടായി. എല്ലാ വർഷവും എല്ലാ ജില്ലകളിലും വയോജന ദിനം ആചരിക്കുകയും പ്രസ്തുത ദിനത്തിൽ വയോജന നയത്തെയും, വയോജനങ്ങൾക്കായുള്ള നിയമത്തെ കുറിച്ച് ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**